**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :5043**

**27.06.2019 ൽ മറുപടിക്ക്**

## പോലീസ് സേനയുടെ നിലവാരം ഉയർത്താൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| എ) | സാംസ്കാരിക പ്രബുദ്ധതക്ക് കീർത്തികേട്ട കേരളത്തിലെ പോലീസ് സേനയിലെ ചിലരിൽ നിന്നെങ്കിലും പൊതുജനത്തിന് സംസ്കാര ശൂന്യമായ പ്രവൃത്തികൾക്ക് ഇരയാകേണ്ടി വരുന്ന സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ചില ഒറ്റപ്പെട്ട സംഭവങ്ങൾക്ക് കാരണമാകുന്നത് ഇതുമൂലമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ജനമൈത്രി പോലീസ് സംവിധാനം വളരെ വിജയകരമായി നടപ്പിലാക്കുമ്പോഴും അതിന് അപവാദമായി ഒറ്റപ്പെട്ടതെങ്കിലും മോശമായ പ്രവൃത്തികൾ തുടരുന്ന പോലീസ് സേനാംഗങ്ങൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | ബി) | ജനങ്ങളുടെ അന്തസ്സ് സംരക്ഷിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും പോലീസ് സേനയ്ക്ക് കളങ്കം വരത്തക്കവിധത്തിലുള്ള സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് പോലീസ് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതും, ക്രിമിനൽ സ്വഭാവം വച്ചു പുലർത്തുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ശക്തമായ വകുപ്പുതല നിയമനടപടികൾ സ്വീകരിച്ചും വരുന്നുണ്ട്. |
| സി) | പോലീസ് സേനയെ പൊതുജന സംരക്ഷകർ എന്ന നിലയിൽ കൂടുതൽ ജനകീയവും നിലവാരം സൂക്ഷിക്കുന്നവരുമാക്കി മാറ്റുന്നതിന് പരിശീലനം ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കുമോ എന്നറിയിക്കാമോ? | സി) | പോലീസിനെ കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി ജനമൈത്രി സുരക്ഷാ പദ്ധതി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. പരമ്പരാഗത പോലീസ് പരിശീലനത്തിലെ പോരായ്മകൾ പരിഹരിച്ച് ഉന്നതനിലവാരം നിലനിർത്തുന്നതിനായി പോലീസ് സേനയുടെ പരിശീലന വിഷയങ്ങൾ, പരിശീലന പരിപാടികൾ എന്നിവ ശാസ്ത്രീയമായി പരിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ